പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2827 | 10.12.2014 ന് മറുപടിയ്ക്ക്

## *കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് പരിശീലനം*

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) പൊന്നാനിയിലെ കോട്ടത്തറ കുംഭാര കോളനിയിലെ കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ മുഖേന കേരള ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പരിശീലനം ലഭിച്ചെങ്കിലും മണ്ണ് അരച്ചെടുക്കാൻ ഉള്ള ആധുനിക ഉപകരണങ്ങളും മോട്ടോറും ഇല്ലാത്തതിനാൽ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയാതെ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ആധുനിക ഉപകരണങ്ങളുടെയോ മോട്ടോറുകളുടെയോ സഹായം കൂടാതെ തന്നെ ഗുണനിലവാരമുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം കളിമൺ പാത്ര നിർമ്മാണ തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത തൊഴിലാളികൾക്ക് മോട്ടോർ അടക്കമുള്ള യന്ത്രങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കാമോ ; | (ബി) തൊഴിൽ പരിശീലനം നൽകുക മാത്രമാണ് തൊഴിൽ വകുപ്പ് ചെയ്തുവരുന്നത്. |
| (സി) തൊഴിൽ വകുപ്പ നൽകിയ പരിശീലനത്തിലൂടെ തൊഴിൽ നൈപുണ്യവും വൈവിധ്യവും നേടിയ ഇവരെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ടി തൊഴിലാളികളുടെ അടിയന്തിര ആവശ്യം അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുകയാണ്. ഇവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് തൊഴിൽ വകുപ്പിന്റെയും കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (കെ.എസ്.ഐ.ഡി) ന്റെയും ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പ്രദർശനങ്ങളിൽ ടി ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ